# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1313

03.12.15 ൽ - മറുപടിക്ക്

## പുതിയ റേഷൻകാർഡ്

### ചോദ്യം

ശ്രീമതി ജമീല പ്രകാശം
ശ്രീ. സി.കെ. നാണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ :

### ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) റേഷൻകാർഡുടമകൾക്ക് പുതിയ കാർഡ് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അതിന്റെ ഇപ്പോഴത്തെ സ്ഥിതിയും എന്താണെന്ന് വ്യക്തമാക്കാമോ;

(എ) റേഷൻകാർഡ് പുതുക്കുന്നതിന്റെ ഭാഗമായി നിലവിലെ കാർഡിലെ വിവരങ്ങൾ ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം കാർഡുടമകൾക്ക് നൽകി, വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ ഫോട്ടോ എടുക്കുകയും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും ഡാറ്റാ എൻട്രിയിൽ എന്തെങ്കിലും പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുന്നതിനായി ഓൺലൈൻ മുഖേനയും പ്രിന്റ് നൽകിയും തിരുത്തൽ രേഖപ്പെടുത്തി വാങ്ങി തെറ്റുകൾ തിരുത്തുന്ന നടപടി പുരോഗമിക്കുന്നു.

(ബി) പുതിയ റേഷൻകാർഡുകൾ തയ്യാറാക്കുന്ന കാര്യത്തിൽ ധാരാളം അടിസ്ഥാന പിശകുകൾ കടന്നു കൂടിയിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും അതിന് ഉത്തരവാദികൾ ആരാണെന്നും പ്രസ്തുത പിശകുകൾ പരിഹരിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

(ബി) ഡാറ്റാ എൻട്രിയിൽ പിശകുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാർഡുടമകൾ സ്വയം എഴുതി നൽകിയ വിവരങ്ങളാണ് ഡാറ്റാ എൻട്രിയിൽ കൂടി രേഖപ്പെടുത്തിയത്. ആയതിൽ സംഭവിച്ച പിശകുകൾ, തിരുത്തുന്നതിനായി ഓൺലൈനിലൂടെയും പ്രിന്റ് നൽകിയും തിരുത്തിവാങ്ങിയതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തിയ ഏജൻസികൾ തന്നെ തെറ്റു തിരുത്തി നൽകുന്ന നടപടികളാണ് നടന്നു വരുന്നത്.

Thulasi

സെക്ഷൻ ഓഫീസർ